
ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

ISO 9001-2015 certified



ബഡ്ജറ്റ് 2026-2027

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

2026-27 സാമ്പത്തിക വർഷത്തെ

കരട് ബജറ്റ്

(ധനകാര്യ സ്ഥിരം സമിതിയുടെ 24/02/2026 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചത്)

ബജറ്റ് 2026-27



ആമുഖം

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് യോഗത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ശിശുക്കൾ, വനിതകൾ തുടങ്ങി സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ഉന്നമനത്തിനായി പ്രത്യേക പരിഗണന നൽകികൊണ്ടുള്ള പദ്ധതികളാണ് ഈ വർഷം ആസൂത്രണം ചെയ്തിട്ടുള്ളത്.

സംസ്ഥാന ഗവൺമെന്റിന്റെ ബജറ്റ് വിഹിതവും കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റും നിബന്ധനകൾക്ക് വിധേയമായി പദ്ധതികൾ തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്നു. ഭരണപരമായ ചെലവുകൾക്ക് ജനറൽ പർപ്പസ് ഗ്രാന്റ് ആണ് ഉപയോഗിക്കുന്നത്. അതിനാൽ തന്നെ തനതുവരുമാനം ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള മാടക്കത്തറ, നടത്തറ, പാണഞ്ചേരി, പുത്തൂർ പഞ്ചായത്തുകളിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പരമാവധി പ്രയോജനപ്രദമായ പദ്ധതികളാണ് ഈ വർഷം ആസൂത്രണം ചെയ്തിട്ടുള്ളത്.

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ഈ ബജറ്റിലൂടെ സാക്ഷാത്ക്കരിക്കട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീവിദ്യ രാജേഷ്

പ്രസിഡന്റ്

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

ബജറ്റ് 2026-27

അവതരണം



അതിനൂതനമായ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിലൂടെ നവകേരളമെന്ന കേരള സർക്കാരിന്റെ മാതൃകാപരമായ ലക്ഷ്യം പൂർത്തീകരിക്കാൻ ആവശ്യമായ പദ്ധതികളിലൂടെയാണ് നമ്മുടെ ബ്ലോക്ക് പഞ്ചായത്തും കടന്ന് പോകുന്നത്. വികസനമെന്നത് സാമൂഹിക നീതിയിൽ അധിഷ്ഠിതവും അതിന്റെ ഗുണഫലങ്ങൾ ഏറ്റവും അവസാനത്തെ മനുഷ്യരിലേക്കും എത്തിച്ചേരുന്ന വിധത്തിലും ആയിരിക്കണം. അത്തരത്തിൽ നമ്മുടെ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞ കാലങ്ങളിൽ നമുക്ക് സാധിച്ചിട്ടുള്ളതാണ്. ലോകത്തിന്റെ ശ്രദ്ധ ആകർഷിക്കുന്ന വിധത്തിൽ ബദൽ ആശയങ്ങൾ മുന്നോട്ട് വെക്കുന്നതിലും അത് കെട്ടിപ്പെടുക്കുന്നതിലും പ്രാവർത്തികമാക്കുന്നതിലും കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. സ്വപ്ന സാദൃശ്യമായി, വികസന പന്ഥാവിൽ ഇനിയും മുന്നോട്ട് എന്ന സൃഷ്ടിപരമായ ആശയത്തെ മുൻനിർത്തിയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതും പ്രാവർത്തികമാക്കുന്നതും . അടുത്ത ഒരു വർഷത്തേക്ക് പദ്ധതികൾക്ക് രൂപം കൊടുക്കുമ്പോൾ വികസനം സാമൂഹികനീതിയിൽ അധിഷ്ഠിതമായത് എന്ന മുദ്രാവാക്യം സ്വീകരിച്ചുകൊണ്ട് മുന്നോട്ട്. ഓരോ പദ്ധതിയും നവകേരള സൃഷ്ടിക്കുവേണ്ടിയുള്ളതായി തീരുമെന്ന ഉറച്ച പ്രത്യാശയോടെ ഈ ബഡ്ജറ്റ് അഭിമാനപൂർവ്വം അവതരിപ്പിക്കുന്നു.

സാമ്പത്തിക അവലോകനം

2025-26 വർഷത്തെ വർഷാവസാനം നീക്കിയിരുപ്പ് ഇനത്തിൽ **56,40,335/-** രൂപയും 2026-27 വർഷത്തെ **30,17,92,406/-** രൂപ പ്രതീക്ഷിത വരവും, **29,63,45,900/-** രൂപ പ്രതീക്ഷിത ചെലവും, **54,46,506/-** രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

ഉൽപാദന മേഖല

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ വികസനപാതയിൽ വളരെ പ്രധാനപ്പെട്ട മേഖലയാണ് കൃഷിയും അനുബന്ധമേഖലകളും. കൃഷിക്കും അനുബന്ധമേഖലകൾക്കുമായി

35,60,000/- രൂപയും, പാലിന് സബ്സിഡി, കാലിത്തീറ്റ ഉൾപ്പെടുന്ന പദ്ധതിക്ക് 48 ലക്ഷം രൂപയും, ചെറുകിട വ്യവസായങ്ങൾക്കായി 30 ലക്ഷം രൂപയും, മണ്ണ് ജല സംരക്ഷണത്തിനായി 65,00,000/- ലക്ഷം രൂപയും ഉൾപ്പെടെ 1,79,60,000/- രൂപ ഉൽപാദന മേഖലയിൽ വകയിരുത്തുന്നു.

മിനി ഡയറി ഫാം

കേരളത്തിൽ മുഖ്യതൊഴിലായും ഉപതൊഴിലായും കന്നുകാലി വളർത്തൽ സ്വീകരിച്ചു വരുന്നു. ഗുണമേൻമയുള്ള പാൽ എന്നത് കേരളത്തിൽ ഇപ്പോഴും ഭാഗികമായ ഒന്നാണ്. സ്ഥലപരിമിതിയും പുതിയ തലമുറയുടെ താൽപര്യകുറവും കന്നുകാലി വളർത്തൽ സമകാലിക കേരളത്തിൽ അന്യമായികൊണ്ടിരിക്കുന്നു. പാലിന്റെ ഉപഭോഗത്തിൽ കേരളം മുൻപന്തിയിൽ വരുമ്പോഴും ഉൽപ്പാദനത്തിൽ പിന്നിൽ ആണ്. പ്രിസർവേറ്റീവ് ചേർത്ത പാക്കറ്റ് പാൽ കേരളം കുടിച്ച് തീർക്കുമ്പോൾ രോഗങ്ങളെ നമ്മൾ ക്ഷണിച്ചു വരുത്തുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ ഉപയോഗിക്കുമ്പോൾ സംസ്ഥാനത്തിന്റെ സമ്പത്തും പുറത്തേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. ആഭ്യന്തര കമ്പോളത്തിൽ ക്രയവിക്രയം ചെയ്യപ്പെടേണ്ട സമ്പത്താണ് നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നത്. സാമ്പത്തിക നഷ്ടം വരുത്തുന്നു എന്നു മാത്രല്ല രോഗാതുരമായ ഒരു തലമുറകൂടി സൃഷ്ടിക്കപ്പെടുന്നു. ഇതിന് പരിഹാരമാകേണ്ട രീതിയിൽ സ്വയം പര്യാപ്തമായ പാലുൽപ്പാദനം എന്നത് സാധ്യമാകണം. അതിന് സഹായകരമാകുന്ന രീതി മിനി ഡയറി ഫാമുകൾ ആരംഭിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ആസൂത്രണം ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്ത് അതിനുവേണ്ടി 3,00,000/- രൂപ വകയിരുത്തുന്നു.

തീറ്റപ്പുൽകൃഷി

കേരളത്തിൽ ഉയർന്ന വിലക്കാണ് കന്നുകാലി തീറ്റ വാങ്ങേണ്ടിവരുന്നത്. ഉയർന്ന തീറ്റചെലവാണ് പ്രധാനമായും കർഷകർ ഈ രംഗം വിടുന്നതിന് കാരണം. കന്നുകാലി തീറ്റയുടെ ചെലവ് കുറക്കണമെങ്കിൽ അതിനനുസൃതമായി പോഷകം നിറഞ്ഞ തീറ്റപുല്ല് കന്നുകാലികൾക്ക് കൊടുക്കാൻ കഴിയണം. ഇപ്പോൾ തീറ്റപുല്ല് എന്ന പേരിൽ ചോള പുല്ല് തമിഴ് നാട്ടിൽ നിന്നാണ് വരുന്നു. തീറ്റപുല്ല് കൃഷി ഒരു തൊഴിലായി സ്വീകരിക്കുന്നവർ കേരളത്തിൽ ഉണ്ട്. വിൽപ്പന എന്ന രീതിയിലും കർഷകർക്ക് അവരുടെ സ്ഥലങ്ങളിലോ പാട്ടത്തിന് എടുത്ത സ്ഥലങ്ങളിലോ തീറ്റപുല്ല് വളർത്താൻ കഴിഞ്ഞാൽ കന്നുകാലികർഷകർക്ക് തീറ്റ ചെലവ് ഗണ്യമായി കുറക്കാൻ കഴിയും. അതിന് വേണ്ടിയുള്ള പദ്ധതിയിലേക്ക് 1,00,000/- രൂപ നീക്കി വെക്കുന്നു.

മൊബൈൽ വെറ്ററിനറി ക്ലിനിക്

ഗ്രാമങ്ങൾ നഗരങ്ങളായി വളർന്ന് കൊണ്ടിരിക്കുന്ന കേരളത്തിൽ അസുഖബാധിതരായ കന്നുകാലികളേയും മറ്റ് മൃഗങ്ങളേയും മൃഗാശുപത്രികളിലേക്ക് നടത്തികൊണ്ട് പോകുന്നത് ഏറെ ക്ലേശകരമായ പ്രവർത്തിയാണ്. പലപ്പോഴും അതുകൊണ്ടുതന്നെ അസുഖബാധിതരായ മൃഗങ്ങൾ ചത്ത് പോകുന്ന അവസ്ഥയും ഉണ്ടാകാറുണ്ട്. മറ്റ് രംഗങ്ങളിലെ ആധുനീകരണം പോലെ തന്നെ മൃഗസംരക്ഷണ രംഗത്തും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് കർഷകരെ സഹായിക്കുന്നതിനു വേണ്ടി മൃഗചികിത്സ വീട്ടുമുറ്റത്ത് എത്തുന്ന വിധത്തിൽ മൊബൈൽ ക്ലിനിക് വിഭാവനം ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്ത് അതിനുവേണ്ടി **1,00,000/-** രൂപ വകയിരുത്തുന്നു.

ബ്ലോക്ക്തല വയോജന സംഗമം

പ്രവർത്തനോന്മുഖവും ചലനാത്മകവുമായ ഒരു കാലത്തിൽ നിന്ന് ദീർഘ വിശ്രമത്തിന്റെ കാലത്തിലേക്ക് നടന്നെത്തുന്ന പ്രായമായവർ ഒറ്റപ്പെട്ടു പോകുന്നവരുടെ ലോകത്തേക്കാണ് പുതിയ കാലത്ത് ആനയിക്കപ്പെടുന്നത്. കുറഞ്ഞ ജനനനിരക്കും ദീർഘായുസും വീടുകളിൽ പ്രായമായവർ ഏകരായിത്തീരുന്നതിനുള്ള കാരണമാകുന്നു. വിദേശങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന മക്കൾ പിന്നീട് അവിടെ സ്ഥിരതാമസമാക്കുകയും ചെയ്യപ്പെടുന്നത് വയോജനങ്ങൾ ഒറ്റപ്പെട്ടുപോകുന്നതിന് കാരണമാകുന്നു. വർണ്ണാഭമായ ഒരു കാലത്തു നിന്നും നിറങ്ങളില്ലാത്ത കാലത്തേക്ക് എത്തുന്ന വയോജനങ്ങൾ മാനസികമായും കടുത്ത വ്യഥകൾ അനുഭവിക്കുന്നതു കാണാം. അവരുടെ പൂർവ്വകാല നിമിഷങ്ങളിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിന് അവർക്ക് സ്വന്തം കഴിവുകൾ പ്രകടിപ്പിക്കുന്നതിന് കലാപരിപാടികളും കൂടിചേരലുകളും സംഘടിപ്പിക്കുന്നു. ഉല്ലാസയാത്രകൾ സംഘടിപ്പിച്ചുകൊണ്ട് വാർദ്ധക്യവും ആനന്ദമാക്കാം. അതിന് വേണ്ടിയുള്ള പദ്ധതിക്ക് വേണ്ടി **1,00,000/-** രൂപ മാറ്റിവെക്കുന്നു.

വാട്ടർ ATM

കുപ്പിയിൽ വെള്ളത്തിന് എട്ട് കാശ്, ജീവവായു നിറച്ചതിന് അഞ്ച് കാശ് എന്ന മുരുകൻ കാട്ടാകടയുടെ കവിത ഇവിടെ പ്രസക്തമാണ്. നാളെ കുടിക്കാനുള്ള വെള്ളം നിങ്ങൾക്ക് കുപ്പികളിൽ വാങ്ങാം എന്ന് പരിസ്ഥിതി പ്രവർത്തകർ പറയുമ്പോൾ 44 നദികൾ ഒഴുകുന്ന കേരളത്തിന് വലിയ ഒരു തമാശ വാചകമായിരുന്നു അത്. ഇന്ന് അത് നമ്മുടെ തൊണ്ടയിലൂടെ ഇറങ്ങി പോകുന്ന ഒരു യാഥാർത്ഥ്യമാണ്. ആഗോളതാപനവും അത് മൂലമുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനവും ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്ന ഒരു മേഖല ശുദ്ധമായ കുടിവെള്ളത്തിന്റെതാണ്. നാളെ ഒരു മുന്നാംലോക മഹായുദ്ധം

ഉണ്ടാവുകയാണെങ്കിൽ അത് ശുദ്ധജലത്തിന് വേണ്ടിയായിരിക്കും എന്നൊരു പ്രവചനമുണ്ട്. കാലം തെറ്റി വരുന്ന ഋതുക്കൾ ശുദ്ധ ജലത്തിന്റെ ലഭ്യതയേയും ബാധിച്ചിരിക്കുന്നു. നാളെ അത് കൂടുതൽ രൂക്ഷമായേക്കാം. ആഗോള താപനത്തിനെതിരെ പരിസ്ഥിതി സംരക്ഷണത്തിന് വേണ്ടി പോരാടുമ്പോൾ തന്നെ ഇന്നത്തെ യാഥാർത്ഥ്യവും കാണാതെ പോകരുത്. വലിയ കമ്പനികളുടെ ലേബലിൽ വിൽക്കുന്ന കുപ്പിവെള്ളം വാങ്ങുന്നതിന് ചിലർക്ക് കഴിയാതെ വരുമ്പോൾ എല്ലാവർക്കും ശുദ്ധജലം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കപ്പെടുന്ന വാട്ടർ ATM എന്ന പദ്ധതിക്ക് **20,00,000/-** രൂപ മാറ്റിവെച്ചിരിക്കുന്നു.

ഓപ്പൺജിം

വ്യായാമത്തിന്റെ അഭാവം, അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ, അമിതമായ ടെൻഷൻ, ലഹരിവസ്തുക്കളുടെ ഉപയോഗം, അന്തരീക്ഷ മലിനീകരണം എന്നവയാണ് ജീവിത ശൈലി രോഗങ്ങൾക്ക് കാരണമായ അപകടഘടകങ്ങൾ. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്ന് വ്യായാമത്തിന്റെ അഭാവമാണ്. രോഗാതുരമായ അവസ്ഥ എന്നത് രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക ഘടകങ്ങളേയും ബാധിക്കുന്നതാണ്. അതുകൊണ്ട് തന്നെ ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുക എന്നത് വളരെ പ്രധാന വിഷയമായി സംസ്ഥാന സർക്കാർ കാണുന്നു. കളികളങ്ങൾ, തുറസ്സായ പ്രദേശങ്ങൾ, കുളങ്ങൾ എന്നിവയുടെ ശോഷണം എന്നിവയൊക്കെ വ്യായാമത്തിന്റെ സാധ്യത കുറച്ചു. ഇന്ത്യൻ ജനതയുടെ പകുതിയോളം ജനങ്ങൾ വ്യായാമ കുറവ് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവരാണ്. ഒട്ടും വിഭിന്നമല്ല സംസ്ഥാനത്തിന്റെ അവസ്ഥയും. അതിനാൽതന്നെ സംസ്ഥാന സർക്കാരും പ്രാദേശിക ഭരണകൂടങ്ങളും വ്യായാമത്തിനുള്ള ഇടങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതികൾക്ക് പൊതു രൂപം നൽകികൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി ആരോഗ്യമാണ് സമ്പത്ത് എന്ന നിർദ്ദേശം മുൻനിർത്തി "ഓപ്പൺ ജിം" എന്ന പദ്ധതിക്കായി **8,00,000/-** രൂപ വകയിരുത്തുന്നു.

ജൈവവളം

തീവ്രഋതുഭേദങ്ങൾ കേരളത്തിന്റെ കാലാവസ്ഥക്ക് ഏൽപ്പിക്കുന്ന ആഘാതം ചെറുതല്ല. കൃഷിയിടങ്ങളെ കരിച്ച് കളയുകയോ വെള്ളത്തിൽ മുക്കിതാഴ്ത്തുകയോ ചെയ്യുന്നു. അത്തരത്തിലുള്ള കൃഷിയിടങ്ങളിൽ മണ്ണിന്റെ പി.എച്ച്. വാല്യുവിന്റെ അളവ് വ്യത്യാസം കാർഷിക വിളകളിൽ നല്ല വിളവ് ഇല്ലാതാക്കുന്നു. രാസവളത്തിന്റെ അമിത ഉൽപ്പാദനം മണ്ണിന്റെ ജീവനെത്തന്നെ ഇല്ലാതാക്കുന്നു. പലരാജ്യങ്ങളിലും കൃഷിയിടങ്ങളിൽ വളപ്രയോഗത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. മണ്ണിനെ കൊല്ലാതെ ഭൂമിയെ രക്ഷിക്കാൻ എന്ന

ജൈവവള പ്രയോഗം എന്ന ആശയത്തെ മുൻനിർത്തി ബ്ലോക്ക് പഞ്ചായത്ത് ജൈവവള നിർമ്മാണ പദ്ധതിക്ക് വേണ്ടി **3,00,000/-** രൂപ മാറ്റിവെക്കുന്നു.

പശ്ചാത്തല മേഖല

പശ്ചാത്തലമേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കണ്ണാറയിലുള്ള വി.ഇ.ഒ. ഓഫീസ് പുനരുദ്ധരിക്കുന്നതിനും, വൈസ് പ്രസിഡന്റിന് റൂം, സി.എച്ച്.സി. കോമ്പൗണ്ട് വാൾ, സി.ഡി.പി.ഒ. ഓഫീസ് നവീകരണം, മറ്റ് നിർമ്മിതികൾ എന്നിവക്കായി **32,50,000/-** രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

ആരോഗ്യ മേഖല

രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിന്റെ ആരോഗ്യ മേഖല ഏറെ മുന്നിലാണ്. ചില മേഖലകളിൽ രോഗാതുരമായ ജീവിതാവസ്ഥയും, ജീവിതശൈലീ രോഗങ്ങളുടെ ശതമാനവും ഏറി വരികയാണ്. ആരോഗ്യമുള്ള ജനത രാജ്യത്തിന്റെ സമ്പത്ത് എന്ന ലക്ഷ്യം മുൻനിർത്തി ആരോഗ്യമേഖലയിൽ കിടപ്പുരോഗികൾക്കുള്ള പാലിയേറ്റീവ് പരിചരണ പരിപാടികൾ, സ്മൃതി പദ്ധതി, ഈവനിങ്ങ് ഒ.പി, മരുന്ന് വിതരണം എന്നിവക്കായി മൊത്തം **64,00,000/-** രൂപ വകയിരുത്തിയിരിക്കുന്നു.

ദാരിദ്ര്യം

2025 നവംബർ ഒന്നിന് കേരളത്തെ അതിദരിദ്രർ ഇല്ലാത്ത ആദ്യത്തെ സംസ്ഥാനമായി പ്രഖ്യാപിച്ചുവല്ലോ. അതിനോടൊപ്പം സഞ്ചരിക്കാൻ ഈ വിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും സേവനം എത്തിക്കുക, അവകാശപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുക, ഭക്ഷണം, മരുന്ന്, വരുമാനം, വാസസ്ഥലം എന്നിവ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാനായി **6,22,720/-** രൂപ നീക്കിവെക്കുന്നു.

ഭവന നിർമ്മാണം

ഒരു മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് സുരക്ഷിതമായി താമസിക്കാൻ ഒരു വീട് എന്നതാണ്. സ്വന്തം വീട്ടിന്റെ ഉമ്മറത്ത് വിരിയുന്ന ആത്മവിശ്വാസത്തിന്റെ പുഞ്ചിരിയിൽ കേരളം തിളങ്ങുന്നു. പിറന്ന മണ്ണിൽ നിന്ന് ആട്ടിയോടിക്കപ്പെടുന്നവരുടെയും, മേൽക്കൂര നഷ്ടപ്പെട്ട് ആകാശം നോക്കി കരയുന്നവരുടെയും രാജ്യത്ത് കേരളം ലോകത്തിനു മുന്നിൽ മനുഷത്വത്തിന്റെ മാതൃക തീർക്കുന്നു. എല്ലാവർക്കും സുരക്ഷിതമായ പാർപ്പിടം എന്ന സ്വപ്നതുല്യമായ ആശയം

കേരളത്തിൽ അതിന്റെ ലക്ഷ്യപ്രാപ്തിയിലേക്ക് എത്തുകയാണ്. സർക്കാരും, പൊതുസമൂഹവും സംഘടനകളും വ്യക്തികളും എല്ലാവരും ഒന്നു ചേർന്നാണ് ഈ രാജ്യത്ത് ആദ്യമായി എല്ലാവർക്കും സുരക്ഷിതമായ ഭവനങ്ങൾ എന്ന ശ്രേഷ്ഠമായ യാഥാർത്ഥ്യത്തിലേക്ക് നീങ്ങുന്നത്. അതിന്റെ ആദ്യത്തെ കാൽവെപ്പുകളാരംഭിക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നാണ്. എല്ലാവർക്കും വീട് എന്ന ആശയം സാക്ഷാത്കരിക്കുന്നതിന് ഈ ബഡ്ജറ്റിൽ ലൈഫ് (ജനറൽ), പി.എം.എ.വൈ. (ജനറൽ) പദ്ധതികൾക്കായി **1,18,48,600/-** രൂപയും പട്ടികജാതി വിഭാഗക്കാർക്കായി **77,80,000/-** രൂപയും പട്ടികവർഗ്ഗത്തിനായി **13,18,600/-** രൂപയും വകയിരുത്തിയിട്ടുണ്ട്.

<u>സദ്ഭരണം</u>

ഈ ബ്ലോക്ക് പഞ്ചായത്തിലെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യവും പൊതുസൗകര്യവും വർദ്ധിപ്പിച്ചു കൊണ്ട് ഓഫീസ് അന്തരീക്ഷം സുഗമമാക്കുന്നതിനും അതു വഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുള്ള പദ്ധതികളാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. സദ്ഭരണത്തിൽ വൈസ് പ്രസിഡന്റിന്റെ ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് **3,00,000/-** രൂപ വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിനും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷിക്കുന്നതിനും **18,00,000/-** രൂപയും വകയിരുത്തിയിട്ടുണ്ട്.

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി നാല് ഗ്രാമപഞ്ചായത്തുകളിലായി 2000 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനും 40 എസ്.ടി. കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽനൽകുന്നതിനും ലക്ഷ്യം വെക്കുന്നു. നീരുറവ് പദ്ധതിയുടെ ഭാഗമായി 4 ഗ്രാമപഞ്ചായത്തുകളിലും നീർത്തട മാസ്റ്റർ പ്ലാൻ അംഗീകാരം നേടിയിട്ടുള്ളതാണ്. 2025-26 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ള എല്ലാ നീർത്തട മാസ്റ്റർ പ്ലാനിലെ പ്രവൃത്തികൾ 2026-27 സാമ്പത്തികവർഷത്തിലെ ആക്ഷൻ പ്ലാനിലും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. 2026-27 സാമ്പത്തിക വർഷത്തിലും അർദ്ധ വിദഗ്ധ വേതനം കൈവരിക്കുന്നതിന് ആവശ്യമായ മേറ്റമാർക്കുള്ള പരിശീലനം നൽകുന്നതിന് ലക്ഷ്യം വയ്ക്കുന്നു. അർഹതയുള്ള എല്ലാ ഗുണഭോക്താക്കൾക്കും തൊഴുത്ത്, ആട്ടിൻക്കൂട്, കോഴിക്കൂട്, കുളം, കിണർ, കമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ്, അസോള ടാങ്ക് തുടങ്ങിയ വ്യക്തിഗത ആസ്തികൾ നൽകുന്നതിന് ലക്ഷ്യമിടുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലെ എല്ലാ സജീവ തൊഴിലാളികളുടെയും ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുകയും, മൊബൈൽ നമ്പറുകൾ എം.ജി.എൻ.ആർ.ഇ.ജി.എസ്.

സോഫ്ടവെയറിൽ നൽകുകയും ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു. എല്ലാ തൊഴിലാളികളുടെയും ആധാർ അക്കൗണ്ടുമായി നിലവിൽ ബന്ധിപ്പിച്ചിട്ടുള്ളതാണ്. പ്രവൃത്തി സ്ഥലങ്ങളിലെ തൊഴിലാളികളുടെ ഹാജർ ഓൺലൈൻ ആയി രേഖപ്പെടുത്തുന്നതിന് (നാഷണൽ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം) എൻ.എം.എം.എസ്. എന്ന മൊബൈൽ അപ്ലിക്കേഷൻ മാത്രമാണ് ഉപയോഗിച്ചുവരുന്നത്. "മിഷൻ മോഡ്" പദ്ധതിയിലൂടെ പൊതു സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും ജലസംഭരിക്കുന്നതിനും, ശുചിത്വം, ജൈവ വൈവിധ്യം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നു.

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും 100% ലക്ഷ്യം കൈവരിക്കുന്നതിനും ഈ ഭരണസമിതി ഇടപെടൽ നടത്തുന്നതാണ്. പദ്ധതി മോണിറ്ററിങ്ങും ജനകീയ വിലയിരുത്തലും നടപ്പിലാക്കുന്നതാണ്. സാമൂഹ്യനീതിയിലൂന്നി മാനുഷിക നന്മ ലക്ഷ്യം വെച്ച് സുദ്ഭരണം, സുതാര്യത, കാര്യക്ഷമത എന്നിവ മുഖമുദ്രയാക്കി ബ്ലോക്ക് പഞ്ചായത്തിനെ നയിക്കുന്നതിനാണ് ലക്ഷ്യം വെക്കുന്നത്. ഇതിന്റെ ഭാഗമായി അവതരിപ്പിക്കുന്ന ബഡ്ജറ്റിന് എല്ലാവരുടെയും അംഗീകാരം ലഭിക്കുമെന്ന പ്രതീക്ഷയിൽ അവസാനിപ്പിക്കട്ടെ.

മാത്യു നൈനാൻ
വൈസ് പ്രസിഡണ്ട് &
ധനകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ
ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

2026-27 ബജറ്റ് സംഗ്രഹം

മുൻബാക്കി	56,40,335
ആകെ വരവ്	30,17,92,406
ആകെ ചെലവ്	29,63,45,900
നീക്കി ബാക്കി	54,46,506

BUDGET 2026-27

Sl No.	HEAD OF ACCOUNTS	Actuals for the year 2024-25	Revised Budget 2025-26	Budget for the year 2026-27
	Opening Balance (മുൻ ബാക്കി)	**47,76,415**	**1,89,80,532**	**56,40,335**
Revenue Receipt - 1				
Fees and User Charges - 140				
1	1402003 Other Penalities and Fines (ഫൈൻ)	33,310	33,310	36,410
	Total Fees and User Charges (ആകെ)	33,310	33,310	36,410
Sale and Hire Charges - 150				
2	1501101 Receipts from Sale of Forms (ഫോറം വില)	2,25,000	2,25,000	2,72,500
3	1501203 Receipts from auction of obsolete assets (ഉപയോഗ ശൂന്യമായ വസ്തുക്കളുടെ വിൽപന)	15,000	15,000	16,500
	Total Sale and Hire Charges (ആകെ)	2,40,000	2,40,000	2,89,000
Revenue Grants, Contributions and Subsidies - 160				
4	1601023 General Purpose Fund (ജനറൽ പർപ്പസ് ഫണ്ട്)	88,67,000	88,67,000	88,67,000
	Total Revenue Grants, Contributions and Subsidies (ആകെ)	88,67,000	88,67,000	88,67,000

Interest Earned - 171				
5	1711001 Interest from Bank Accounts (നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ)	1,15,000	1,15,000	1,26,500
	Total Interest Earned (ആകെ)	1,15,000	1,15,000	1,26,500
Other Income - 180				
6	1808005 Receipts from Solar Power Energy (സോളാറിൽ നിന്നുള്ള വരുമാനം)	16,348	16,348	17,982
	Total Other Income (ആകെ)	16,348	16,348	17,982
Prior Period Items - 280				
7	2801001 Prior Period Income (മുൻകാല വരവ്)	0	3,50,000	3,50,000
	Total Prior Period Items (ആകെ)	0	3,50,000	3,50,000
Rental Income - LB Properties - 130				
8	1302003 Rent from Buildings (വാടക)	4,09,889	4,09,889	4,60,000
	Total Rental Income (ആകെ)	4,09,889	4,09,889	4,60,000
	Total Revenue Receipt (ആകെ റവന്യൂ വരവ്)	96,81,547	1,00,31,547	**1,01,46,892**

Capital Receipt - 2

Grants, Contribution for Specific Purposes - 320

9	3201004 Central Finance Commission Grant - Tied (ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റ്)	0	36,65,000	92,36,615
10	3201005 Central Finance Commission Grant - Untied (ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റ്)	0	25,27,881	1,49,93,064
11	3201011 Prime Minister's Awas Yojana (PMAY) - General (പി.എം.എ.വൈ (ജനറൽ) - കേന്ദ്രാവിഷ്കൃത ഫണ്ട്)	0	1,16,88,000	2,00,00,000
12	3201023 Member Of Parliament Local And Development Scheme (എം. പി. ഫണ്ട്)	0	1,10,08,030	2,00,00,000
13	3201044 Mahatma Gandhi National Rural Employment Scheme (MGNREGS) (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി)	0	12,00,00,000	13,00,00,000
14	3202001 Development Fund - General (വികസന ഫണ്ട് - പൊതുവിഭാഗം)	0	3,44,51,250	4,11,97,000
15	3202002 Development Fund - Special Component Plan (വികസന ഫണ്ട് പട്ടികജാതി ഘടക പദ്ധതി)	0	1,48,40,000	1,34,19,000
16	3202003 Development Fund - Tribal Sub-Plan (വികസന ഫണ്ട് പട്ടികവർഗ്ഗം ഘടകപദ്ധതി)	0	15,93,000	17,85,000
17	3202010 Maintenance Fund - Non-Road Assets (മെയിന്റെനൻസ് ഫണ്ട് - റോഡിതരം)	0	56,95,000	45,16,000

18	3202024 Flood Relief Grant (ദുരന്തനിവാരണ ഫണ്ട്)	0	50,00,000	70,00,000
19	3202038 Additional Assistance Of State Government For PMAY House (Block Panchayat) (സംസ്ഥാന ആവിഷ്കൃത ഫണ്ട്)	0	53,00,000	70,00,000
20	3209002 Contribution to Joint Venture Projects from Block Panchayat (ത്രിതല പഞ്ചായത്തുകളിൽ നിന്നുള്ള വരവ്)	0	1,07,35,000	1,57,35,000
	Total Grants, Contribution for Specific Purposes (ആകെ)	0	22,65,03,161	**28,48,81,679**
Deposits Received - 340				
21	3401003 Retention (റീടെൻഷൻ)	47,479	47,479	1,00,000
	Total Deposits Received (ആകെ)	47,479	47,479	**1,00,000**
Redemption - 431				
22	4315002 Receivables from Government (redemption amount) (ട്രഷറി തിരിച്ചടവ്)	0	1,77,46,312	0
	Total Redemption (ആകെ)	0	1,77,46,312	0

Loans, Advances and Deposits - 460				
23	4605005 Advance to Mahatma Gandhi NREGS/ AUEGS (എം.ജി.എൻ.ആർ.ജി.എസ്. നടത്തിപ്പ്)	9,95,710	9,95,710	10,23,500
	Total Loans, Advances and Deposits (ആകെ)	9,95,710	9,95,710	**10,23,500**
	Total Capital Receipt (ആകെ മൂലധന വരവ്)	10,43,189	24,52,92,662	**28,60,05,179**

Revenue Expenditure - 3				
Establishment Expenses - 210				
24	2101101 Wages (വേതനം)	2,52,000	5,00,000	5,10,000
25	2102014 Monthly Honorarium and Sitting Allowance -Councillors/ Members (ജനപ്രതിനിധികളുടെ ഹോണറേറിയം, സിറ്റിംഗ് ഫീ)	16,24,100	20,00,000	25,00,000
26	2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members (ജനപ്രതിനിധികളുടെ യാത്രാബത്ത)	75,000	1,50,000	2,00,000
27	2102021 Telephone Allowance - Mayor/ Chairperson/ President (പ്രസിഡണ്ടിന്റെ ടെലഫോൺ അലവൻസ്)	2,840	7,000	8,000
28	2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President (വൈസ് പ്രസിഡണ്ടിന്റെ ടെലഫോൺ അലവൻസ്)	2,840	2,840	5,000
	Total Establishment Expenses (ആകെ)	19,56,780	26,59,840	**32,23,000**
Administrative Expenses - 220				
29	2201199 Other Office Maintenance Expenses (ഓഫീസ് ചെലവുകൾ)	41,983	41,983	60,000

30	2201299 Miscellaneous Communication Expenses (വാർത്താവിനിമയ ചെലവുകൾ)	27,690	1,50,000	1,75,000
31	2202001 Books & Periodicals (പുസ്തകങ്ങളും ആനുകാലികങ്ങളും)	30,000	30,000	40,000
32	2202101 Printing & Stationery (അച്ചടിയും സ്റ്റേഷനറിയും)	75,500	75,500	90,000
33	2204001 Insurance (ഇൻഷുറൻസ്)	71,722	71,722	90,000
34	2206001 Newspaper Advertisement Charges (പരസ്യവും പ്രചരണവും)	32,000	32,000	45,000
35	2206101 Membership & Subscriptions (മെമ്പർഷിപ്പ്/വരിസംഖ്യ)	30,000	30,000	45,000
36	2208099 Miscellaneous Administration Expenses (മറ്റ് ഭരണ ചെലവുകൾ)	15,00,000	15,00,000	20,00,000
	Total Administrative Expenses (ആകെ ഭരണചെലവുകൾ)	18,08,895	19,31,205	**25,45,000**
Operation and Maintenance - 230				
37	2301002 Fuel Charges (ഇന്ധനചെലവ്)	3,50,000	4,25,000	5,00,000
38	2304001 Vehicle Hire Charges (വാഹന വാടക)	3,29,360	3,29,360	3,50,000
39	2305301 Repairs & Maintenance - Vehicles (വാഹനങ്ങളുടെ അറ്റകുറ്റപണികളും സംരക്ഷണവും)	2,50,000	2,50,000	3,00,000

40	2305902 Repairs & Maintenance - Office Equipments (ഓഫീസ് ഉപകരണങ്ങളുടെ അറ്റകുറ്റപണികളും സംരക്ഷണവും)	63,925	63,925	75,000
41	2305909 Other Repairs & Maintenance (മറ്റ്അറ്റകുറ്റപണികളും സംരക്ഷണവും)	50,800	50,800	60,000
42	2308010 Extra - ordinary Expenses (മറ്റ് അധിക ചെലവുകൾ)	3,00,000	5,00,000	3,00,000
	Total Operation and Maintenance (ആകെ സംരക്ഷണവും നടത്തിപ്പും ചെലവുകൾ)	13,44,085	16,19,085	**15,85,000**
Interest and Finance Charges - 240				
43	2407001 Bank Charges (ബാങ്ക് ചാർജ്ജ്)	2,800	2,800	3,000
	Total Interest and Finance Charges (പലിശയും അനുബന്ധചെലവുകളും)	2,800	2,800	**3,000**
Programe Expenses - 250				
44	2501001 Election Expenses (ഇലക്ഷൻ ചെലവ്)	5,00,000	5,00,000	0
45	2502001 Expenditure on Poverty Eradication Program (ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി, എം.ജി.എൻ.ആർ.ഇ.ജി.എസ്.)	-	12,00,00,000	13,00,00,000
	Total Programe Expenses (ആകെ)	5,00,000	12,05,00,000	**13,00,00,000**
Expenses Related to Productive Sector - 251				
46	2510101 Agriculture - Paddy (കൃഷിയും അനുബന്ധമേഖലകളും)	17,60,000	17,60,000	20,10,000

47	2510104 Agriculture - Vegetables (കൃഷിയും അനുബന്ധമേഖലകളും പച്ചക്കറി)	10,53,815	10,53,815	12,00,000
48	2510136 Agrarian Disease (കീടനിയന്ത്രണം)	80,000	80,000	3,50,000
49	2510209 Animal Husbandry - Infrastructure (മൃഗസംരക്ഷണം പശ്ചാത്തല സൌകര്യങ്ങൾ)	1,00,000	1,00,000	1,00,000
50	2510305 Dairy Development - Milk Incentives (ക്ഷീരവികസനം)	36,00,000	36,00,000	38,00,000
51	2510503 Minor Irrigation - Public Facilities (ചെറുകിട ജലസേചനം)	3,91,000	3,91,000	10,00,000
52	2510605 Khadi and Village Industries (ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്)	4,56,000	4,56,000	0
53	2510802 Water Conservation (ജലസംരക്ഷണം)	21,65,000	21,65,000	65,00,000
54	2511301 Self Employment and Marketing Promotion (ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും)	30,46,500	30,46,500	30,00,000
	Total Expenses Related to Productive Sector (ആകെ)	1,26,52,315	1,26,52,315	**1,79,60,000**
Expenses Related to Service Sector - 252				
55	2520107 Education-Related Activities (വിദ്യാഭ്യാസ - അനുബന്ധപ്രവർത്തനങ്ങൾ)	58,95,000	58,95,000	30,00,000
56	2520109 Encourage Excellence of SC/ ST (പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപരിപാടികൾ)	23,03,818	23,03,818	1,00,000

57	2520503 Arts,Culture,Sports and Youth Welfare-Promotion (കല-സാംസ്ക്കാരം വികസനം)	28,68,590	28,68,590	6,20,000
58	2520602 Health related Programs (പൊതു ആരോഗ്യ പരിപാടി)	22,79,642	22,79,642	9,50,000
59	2520618 Medical Institution - Allopathy (ആരോഗ്യ സ്ഥാപനങ്ങൾ - അലോപതി)	75,83,565	75,83,565	64,00,000
60	2520702 Drinking Water - Public (കുടിവെള്ളം - ജനറൽ)	40,99,400	40,99,400	30,00,000
61	2520801 Housing & House Electrification - Individual (ഭവനിർമ്മാണം - വൈദ്യുതീകരണം)	5,56,74,920	5,56,74,920	6,00,00,000
62	2520901 Special Child Welfare Program (ശിശുക്ഷേമ പരിപാടികൾ)	2,00,000	2,00,000	2,00,000
63	2520903 Women Welfare (വനിതാക്ഷേമ പരിപാടികൾ)	75,000	75,000	1,00,000
64	2520904 Welfare of the Aged (വയോജനക്ഷേമ പരിപാടികൾ)	1,50,000	1,50,000	1,00,000
65	2520905 Welfare Programs for the Destitute (അഗതിക്ഷേമ പരിപാടികൾ)	6,22,720	6,22,720	6,22,720
66	2520906 Welfare Programs for Physically/ Mentally Challenged (ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ)	14,00,000	14,00,000	16,00,000
67	2520908 Social Security Programme (സാമൂഹ്യ സുരക്ഷ പരിപാടികൾ)	1,00,000	1,00,000	36,00,000
68	2521001 Anganwadi Nutrition (അംഗൻവാടി പോഷകാഹാര പരിപാടി)	9,60,000	9,60,000	15,00,000

69	2521203 Vocational Capacity Building - Related Activities (വിജ്ഞാനകേരളം)	9,00,000	9,00,000	1,80,000
70	2521401 Electricity Line Extension (വൈദ്യുത ലൈൻ നീട്ടൽ)	7,50,000	7,50,000	29,47,680
71	2521501 Tourism Infrastructure (ടൂറിസ പശ്ചാത്തല സംവിധാനങ്ങൾ)	8,00,000	8,00,000	0
72	2521601 Local Government Service Delivery Improvement - (തദ്ദേശ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തൽ)	2,00,000	2,00,000	1,00,000
73	2521602 Payments to IKM (ഐ.കെ.എം. വിഹിതം)	55,764	55,764	60,000
74	2521701 Allied Institution Service Delivery Improvement (ഘടകസ്ഥാപന വിഹിതം)	2,57,487	3,17,487	9,10,000
75	2521801 Contribution to Social Security Mission (സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം)	8,00,000	8,00,000	8,00,000
76	2522001 Plan Formulation, Implementation and Monitoring(പദ്ധതി രൂപീകരണം മോണിറ്ററിംഗ്)	12,84,890	12,84,890	1,00,000
77	2522309 Solid Waste Management - Related Activities (മാലിന്യ സംസ്ക്കരണം)	9,00,000	9,00,000	0
	Total Expenses Related to Service Sector (ആകെ സേവനമേഖല)	9,01,60,796	9,02,20,796	**8,68,90,400**

Expenses Related to Infrastructure Sector - 253				
78	2530301 Public Buildings - Local Government Office Building (പൊതു കെട്ടിടങ്ങൾ)	11,00,000	11,00,000	28,06,000
79	2530302 Public Buildings - Other Buildings (പൊതു കെട്ടിടങ്ങൾ - മറ്റു കെട്ടിടങ്ങൾ)	75,000	75,000	0
80	2530502 Hiring of vehicles for office purposes (വാഹനം വാടകയ്ക്കെടുക്കൽ)	4,44,000	4,44,000	4,44,000
	Total Expenses Related to Infrastructure Sector (ആകെ പശ്ചാത്തല ചെലവുകൾ)	16,19,000	16,19,000	**32,50,000**
Expenses related to State Sponsored Schemes - 254				
81	2540121 Programmes/ Expenditures of Transferred Functions/ Schemes - Others/ Miscellaneous (എം.പി., എം.എൽ.എ. ഫണ്ടുകൾ ചെലവ്)	0	1,60,08,030	2,70,00,000
	Total Expenses related to State Sponsored Schemes (ആകെ)	0	1,60,08,030	**2,70,00,000**
Prior Period Items - 280				
82	2808002 Prior Period Expenses - Remittance of Unutilized Grants to Government (മുൻകാല ചെലവുകൾ)	0	3,50,000	3,50,000
	Total Prior Period Items (ആകെ)	0	3,50,000	**3,50,000**
	Total Revenue Expenditure (ആകെ മുൻകാല ചെലവുകൾ)	11,00,44,671	24,75,63,071	**27,28,06,400**

Capital Expenditure - 4

Refund of Deposits - 340				
83	3401003 Retention (റീടെൻഷൻ)	47,479	47,479	50,000
	Total Refund of Deposits (ആകെ)	47,479	47,479	**50,000**
Payment of Recoveries - 350				
84	3503008 Government and Other Dues Payable - CGST (ടാക്സ് - സിജിഎസ്ടി)	1,890	1,890	0
85	3503009 Government and Other Dues Payable - SGST (ടാക്സ് - എസ്ജിഎസ്ടി)	1,890	1,890	0
	Total Payment of Recoveries (ആകെ)	3,780	3,780	0
Fixed Assets - 410				
86	4102002 Administrative Buildings (അഡ്മിനിസ്ട്രേറ്റീവ് കെട്ടിടങ്ങൾ)	20,58,164	20,58,164	28,06,000
87	4102008 School Buildings (സ്ക്കൂൾ കെട്ടിടങ്ങൾ)	3,87,799	3,87,799	0
88	4102011 Public Comfort Stations (പൊതു വിശ്രമസ്ഥലങ്ങൾ)	10,00,000	10,00,000	0
89	4102013 Swimming Pool Buildings (നീന്തൽകുളം)	7,80,000	7,80,000	0
90	4102016 Other Buildings (മറ്റ് കെട്ടിടങ്ങൾ)	43,34,770	43,34,770	0

91	4103001 Concrete Roads (കോൺക്രീറ്റ് റോഡ്)	13,51,182	13,51,182	8,00,000
92	4103003 Interlocked Roads (ഇന്റർലോക്ക് റോഡ്)	22,50,000	22,50,000	0
93	4103007 Other Roads (മറ്റ് റോഡുകൾ)	1,68,743	1,68,743	87,00,000
94	4103012 Side Walls (പാർശ്വഭിത്തികൾ)	10,00,000	10,00,000	44,00,000
95	4103102 Drainage (കാനകൾ)	24,17,250	24,17,250	47,50,000
96	4104001 Plant & Machinery (പ്ലാന്റ്, മെഷനറി)	31,87,005	31,87,005	0
97	4106001 Office & Other Equipments (ഓഫീസ് ഉപകരങ്ങൾ)	2,08,000	2,08,000	2,10,000
98	4106002 Computers, Printers & Peripherals (കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും)	2,06,597	2,06,597	5,00,000
99	4108001 Other Fixed Assets (മറ്റ് സ്ഥിര ആസ്തികൾ)	7,04,856	7,04,856	3,00,000
	Total Fixed Assets (ആകെ സ്ഥിര ആസ്തികൾ)	2,00,54,366	2,00,54,366	**2,24,66,000**

Loans, Advances and Deposits - 460				
100	4605005 Advance to Mahatma Gandhi NREGS/ AUEGS (എം.ജി.എൻ.ആർ.ജി.എസ്. നടത്തിപ്പ്)	9,95,710	9,95,710	10,23,500
	Total Loans, Advances and Deposits (ആകെ)	9,95,710	9,95,710	**10,23,500**
	Total Capital Expenditure (ആകെ മൂലധനചെലവ്)	**2,11,01,335**	**2,11,01,335**	**2,45,39,500**
Total Expenditure (ആകെ ചെലവ്)		**13,11,46,006**	**26,86,64,406**	**29,63,45,900**
Total Receipts (ആകെ വരവ്)		**1,07,24,736**	**25,53,24,209**	**30,17,92,406**
Balance (നീക്കി ബാക്കി)		**-11,56,44,855**	**56,40,335**	**54,46,506**






ബ്ലോക്ക് പഞ്ചായ


4/6


ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം, വെള്ളാനിക്കര





